## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3946** **21.06.2019 ൽ മറുപടിയ്ക്ക്**

## ഫ്ലോട്ടിംഗ് സോളാർ പാർക്കുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. ടി. തോമസ്** | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |
| (എ) ഏഷ്യയിലെ ഏറ്റവും വലിയ ഫ്ലോട്ടിംഗ് സോളാർ പാർക്ക് ഇടുക്കി റിസർവ്വോയറിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള സർവേ ഏത് ഘട്ടത്തിലാണ്; | (എ) ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭ ദശയിലാണ്. |
| (ബി) കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടു കൂടിയാണോ പദ്ധതി നടപ്പിലാക്കുന്നത്; | (ബി) കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി, കണ്ടള, പൊൻമുടി എന്നീ റിസർവോയറുകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. |
| (സി) ഫ്ലോട്ടിംഗ് സോളാർ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മറ്റ് റിസർവ്വോയറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (സി) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. |
| (ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്ര കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; ഇടുക്കിയിലെ സോളാർ പാർക്ക് നിർമ്മാണം എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കാമോ ? | (ഡി) പഠനം പൂർത്തിയാക്കിയതിനുശേഷം മാത്രമേ പ്ലാന്റുകളുടെ സ്ഥാപിതശേഷി നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ